നമ്പർ: 742/പി1/2017 29-03-2017

പ്രസിദ്ധീകരണത്തിന് :

# കേരള സംഗീത നാടക അക്കാദമി
# സംസ്ഥാന പ്രൊഫഷണൽ നാടകമത്സരം
# അപേക്ഷ ക്ഷണിച്ചു

പ്രൊഫഷണൽ നാടകങ്ങൾക്കുള്ള 2016 ലെ സംസ്ഥാന സർക്കാർ അവാർഡുകൾക്ക് കേരള സംഗീത നാടക അക്കാദമി അപേക്ഷ ക്ഷണിച്ചു. അക്കാദമിയുടെ അംഗീകാരമുള്ള സംഘങ്ങൾക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂ. 2015 ഒക്ടോബർ 20 നും 2016 ഡിസംബർ 31 നും മദ്ധ്യേ അവതരിപ്പിച്ച നാടകങ്ങൾ മാത്രമെ 2016 ലെ അവാർഡിന് പരിഗണിക്കുകയുള്ളുവെന്ന് സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ അറിയിച്ചു.

നാടകരചനയേയോ നാടകാവതരണത്തെയോ സംബന്ധിച്ച് മലയാളത്തിൽ പ്രസിദ്ധീകരിച്ച കൃതിക്കുള്ള അവാർഡിനും ഇതോടൊപ്പം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.2014, 2015, 2016 എന്നീ വർഷങ്ങളിൽ പ്രസിദ്ധീകരിച്ച കൃതികളാണ് അവാർഡിന് സമർപ്പിക്കേണ്ടത്.

നിശ്ചിത ഫോറത്തിലുള്ള ബന്ധപ്പെട്ട രേഖകളും സാക്ഷ്യപത്രങ്ങളും സ്ക്രിപ്റ്റിന്റെ 3 കോപ്പികളും നാടകാവതരണത്തിന്റെ സിഡിയും സഹിതം 2017 ഏപ്രിൽ 20 നകം അക്കാദമി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. 2017 മെയ് മാസത്തിൽ നാടകമത്സരം സംഘടിപ്പിക്കുന്നതാണ്. അപേക്ഷാഫോറവും നിയമാവലിയും ലഭിക്കുന്നതിന് 5/- രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂർ -20 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അക്കാദമിയുടെ വെബ്സൈറ്റിലും അപേക്ഷാഫോറവും നിയമാവലിയും ലഭ്യമാണ്.
വെബ്സൈറ്റ് www.keralasangeethanatakaakademi.com.

സെക്രട്ടറി.